നടപടികൾ സ്വീകരിക്കാൻ വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്കൂൾ അതനുസരിച്ചു തുറന്ന് പ്രവർത്തിച്ചു തുടങ്ങിയോ എന്ന വിവരം ശേഖരിച്ചു വരുന്നു.

തിമിരി ദേവസ്വം എ. യു. പി. സ്കൂൾ

87. [136] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട തിമിരി ദേവസ്വം എ. യു. പി. സ്കൂൾ നൂറു രൂപ പ്രതിഫലത്തിന് ഗവൺമെൻറിന് നൽകാമെന്നു സമ്മതിച്ചിട്ടുണ്ടോ ;

(ബി) ഈ സ്കൂൾ ഗവൺമെൻറ് ഏറ്റെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം എന്താണ് ;

(ഡി) ഏറ്റെടുത്തുവെങ്കിൽ ഗവൺമെൻറ് സ്കൂളായി മാറിയിട്ടും ഈ സ്കൂളിലെ അധ്യാപകർക്ക് ശമ്പളം നൽകുന്നത് പഴയതു പോലെ സ്വകാര്യ സ്കൂൾ അധ്യാപകർക്ക് ശമ്പളം നൽകുന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ തന്നെയാണെന്ന കാര്യം ഗവൺമെൻറ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന് കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഏറ്റെടുത്തു കഴിഞ്ഞു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ സറണ്ടർ അബ്സല്യൂട്ട് ആക്കികൊണ്ട് സർക്കാർ ഉത്തരവു പുറപ്പെടുവിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നടപടികൾ തുടർന്നുകൊണ്ടിരിക്കുകയാണ്.

വിജയഗിരി സ്കൂളിന് ഒരു താൽക്കാലിക കെട്ടിടം

88. [137] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ആലക്കോട് പഞ്ചായത്തിലെ വിജയഗിരി സ്കൂളിന് ഒരു താൽക്കാലിക കെട്ടിടം നിർമ്മിക്കുവാനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഈ കാര്യത്തിന് എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഇരിക്കൂർ ഗവൺമെൻറ് സ്കൂളിന്റെ അഡീഷണൽ ബിൽഡിംഗ്

89 [138] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽപ്പെട്ട ഇരിക്കൂർ ഗവൺമെൻറ് സ്കൂളിന്റെ അഡീഷണൽ ബിൽഡിംഗ് ടെൻഡർ ചെയ്തിട്ട് പണി ഏതു ഘട്ടത്തിലാണ് ;

LIBRARY ARCHIVES Kerala Legislative Assembly